

# നെല്ലായി സെന്റ് മേരീസ് ഇടവക

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഒരു കത്തോലിക്ക ദേവാലയം സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികളുണ്ടായത്. വിതയത്തിൽ കൈപ്പിള്ളിപ്പറമ്പിൽ അന്തോണി എന്ന വ്യക്തി നല്കിയ സ്ഥലത്ത് പറപ്പൂക്കര പള്ളി വികാരിയായിരുന്ന ബഹു. തോട്ടുങ്ങൽ മത്തായച്ചന്റെ നേതൃത്വത്തിൽ പറപ്പൂക്കര ഇടവകയുടെ കീഴിലായിരുന്ന നെല്ലായി, പന്തല്ലൂർ, കൊളത്തൂർ എന്നിവിടങ്ങളിലെ 20-ഓളം കത്തോലിക്ക കുടുംബങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾക്കായി പരിശുദ്ധ മാതാവിന്റെ നാമധേയത്തിൽ ഒരു ദേവാലയം സ്ഥാപിച്ചു. പള്ളിയ്ക്കുവേണ്ടി അവിഭക്ത തൃശ്ശൂർ രൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ ജോൺ മേനാച്ചേരിയാണ് മാതാവിന്റെ തിരുസ്വരൂപം ആശീർവദിച്ചു നല്കിയത്.

ആദ്യകാലങ്ങളിൽ നെല്ലായി പള്ളിയിൽ മാസത്തിൽ ഒരു കുർബാനയും പിന്നീട് ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഓരോ കുർബാനയും പറപ്പൂക്കര പള്ളിയിലെ അച്ചന്മാർ വന്ന് അർപ്പിച്ചിരുന്നു. നെല്ലായി പള്ളിയോടനുബന്ധിച്ച് സിമിത്തേരി പണിയാനുള്ള അനുവാദം 254/36-ാം നമ്പർ പ്രകാരം 1936 ജനുവരി 31-ാം തിയ്യതി ലഭിക്കുകയുണ്ടായി.

## പോങ്കോത്ര കുരിശുപള്ളി

നെല്ലായി ഇടവകയോട് ചേർന്നുകിടക്കുന്ന പോങ്കോത്രയിൽ 1082 മേടം 12-ന് (1907) വാങ്ങിയ 35 സെന്റ് സ്ഥലത്ത് അന്നത്തെ പറപ്പൂക്കരപള്ളി വികാരിയുടെ നേതൃത്വത്തിൽ "ആത്മോപകാര കത്തോലിക്ക സഭ" എന്ന സംഘടന രൂപംകൊണ്ടു. തുടർന്ന് പരിശുദ്ധ മാതാവിന്റെ നാമധേയത്തിൽ ഒരു കപ്പേള സ്ഥാപിക്കുകയും വിൻസെന്റ് ഡി പോൾ സൊസൈറ്റി ആരംഭിച്ച് അതിന്റെ നേതൃത്വത്തിൽ വേദപാഠക്ലാസ്സുകൾ നടത്തുകയും ചെയ്തുപോന്നു. പറപ്പൂക്കര പള്ളിയുടെ കീഴിലായിരുന്നു ഈ കപ്പേള, 1963-ൽ പുതിയതായി ഇടവകയായി രൂപംകൊണ്ട നെല്ലായി പള്ളിയുടെ കീഴിലായി.



പോങ്കോത്ര കുരിശുപള്ളി

## നെല്ലായി ഇടവക

നെല്ലായി, പോങ്കോത്ര, പന്തല്ലൂർ, കൊളത്തൂർ, ചെങ്ങാലൂരിന്റെ കുറച്ചുഭാഗം എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 1963-ൽ നെല്ലായി പള്ളി ഇടവകയായി ഉയർത്തപ്പെട്ടു. പ്രഥമ വികാരിയായിരുന്ന ഫാ. ജോസഫ് പടമാടന്റെ നേതൃത്വത്തിൽ ഇടവകയിലെ കത്തോലിക്ക കുടുംബങ്ങളിൽ നിന്നും മാസവരി പിരിച്ച് നിലവിലുള്ള പള്ളി വിസ്തൃതി കൂട്ടി പണിയുകയുണ്ടായി.

1978-ൽ ഇരിങ്ങാലക്കുട രൂപത ജന്മം കൊണ്ടപ്പോൾ ഇടവകയുടെ അതിർത്തികളിലും മാറ്റം വന്നു. കിഴക്ക് കുറുമാലിപ്പുഴ, പടിഞ്ഞാറ് അമത്തും കുഴി പാലം, തെക്ക് കൊളത്തൂർ പാടം, വടക്ക് നന്തിക്കര ഗവണ്മെന്റ് സ്ക്കൂൾ എന്നിങ്ങനെ അതിരുകൾ നിശ്ചയിച്ചു. ഇടവകയായി ഉയർത്തപ്പെട്ടതിന്റെ രജത ജൂബിലി 1983-ൽ ആഘോഷിച്ചു.

ഇടവകാതിർത്തിക്കുള്ളിൽ ഇപ്പോൾ ഒരു കുരിശുപള്ളിയും 5 കപ്പേളകളും 9 കുടുംബയൂണിറ്റുകളുമുണ്ട്. മൊത്തം 440 കത്തോലിക്കാ കുടുംബങ്ങളാണുള്ളത്. പോങ്കോത്ര കുരിശുപള്ളിയിൽ ഇപ്പോൾ രണ്ട് ഞായറാഴ്ചകളിലും രണ്ട് ശനിയാഴ്ചകളിലുമായി മാസത്തിൽ നാല് കുർബാന അർപ്പിച്ചുവരുന്നു.

## നവീന ദേവാലയം, വൈദിക മന്ദിരം

വികാരി ബഹു. തോമസ് ആലുക്ക അച്ചന്റെ കാലത്ത് വിപുലമായ പള്ളി നിർമ്മാണ കമ്മിറ്റി രൂപീകരിച്ച് പഴയപള്ളി പൊളിച്ചുമാറ്റി തൽസ്ഥാനത്തുതന്നെ സൗകര്യപ്രദവും വിസ്തൃതവും മനോഹരവുമായ പള്ളി ആധുനിക രീതിയിൽ പണിതീർത്തു. പുതുക്കിപ്പണിത ദേവാലയത്തിന്റെ കൂദാശാകർമ്മം 2005 ഡിസംബർ 29-ന് ഇരിങ്ങാലക്കുട രൂപതാമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിക്കുകയുണ്ടായി. പുതുക്കിപ്പണിത പള്ളിയോടനുബന്ധിച്ച് മനോഹരമായ വൈദിക മന്ദിരവും വേദപാഠ പഠനക്ലാസ്സുകളും 2004 ഡിസംബർ 8-ാം തിയ്യതി ആശീർവ്വദിച്ചു. പാവപ്പെട്ട ജനവിഭാഗങ്ങളെ സഹായിക്കുന്നതിനുവേണ്ടി പള്ളിയോടനുബന്ധിച്ച് ആരംഭിച്ചതാണ് സെന്റ് മേരീസ് ചാരിറ്റബിൾ ട്രസ്റ്റ് എന്ന പ്രസ്ഥാനം.

## നിർമ്മല കോൺവെന്റ്

വിജയവാഡ പ്രോവിൻഷ്യലേറ്റുള്ള മിഷനറി സിസ്റ്റേഴ്സ് ഓഫ് ഇമ്മാക്കുലേറ്റ് (M.S.I.) കോൺഗ്രിഗേഷന്റെ കീഴിൽ ഇടവകയുടെ പരിധിയിൽപ്പെട്ട പോങ്കോത്രയിൽ 1988-ൽ നിർമ്മല കോൺവെന്റ് സ്ഥാപിതമായി. ഇതിനോടനുബന്ധിച്ച് പരിശീലനഭവനവും പ്രവർത്തിക്കുന്നു.



സെന്റ് ജോസഫ് കപ്പേള
കുളത്തൂർ



വേളാങ്കണ്ണിമാതാ കപ്പേള
കുളത്തൂർ



നിർമ്മല കോൺവെന്റ്

## കപ്പേള, ഷോപ്പിങ് കോംപ്ലക്സ്

മംഗലത്തുപറമ്പിൽ മത്തായി ഭാര്യ അന്നമ്മ എന്ന വ്യക്തി സംഭാവയായി നല്കിയ ദേശീയപാത 47-നോട് ചേർന്നുള്ള സ്ഥലത്ത് 1989-94 കാലഘട്ടത്തിൽ രണ്ടുതവണകളിലായി ഇടവകക്കാരുടെ സാമ്പത്തിക സഹായത്തോടെ ഒരു ഷോപ്പിംഗ് കോംപ്ലക്സും വിശുദ്ധ അന്തോണീസിന്റെ നാമധേയത്തിൽ ഒരു കപ്പേളയും പണിതീർക്കുകയുണ്ടായി.

## മതബോധന ഹാൾ

ക്രിസ്തുജയന്തി മഹാജൂബിലി വർഷത്തിന്റെ അവസാനഘട്ടത്തിൽ പള്ളിയങ്കണത്തിൽ മനോഹരമായ മതബോധനഹാൾ പണിതീർക്കുകയുണ്ടായി. 2000-ാം ആണ്ട് ഡിസംബർ 29-ന് ഇരിങ്ങാലക്കുട രൂപതാമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ ഹാളിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു.



പഴയ പള്ളി



സെന്റ് ആന്റണീസ് കപ്പേള
പന്തല്ലൂർ



സെന്റ് സെബാസ്റ്റ്യൻ കപ്പേള
പന്തല്ലൂർ



മതബോധന ഹാൾ



സെന്റ് ആന്റണീസ് കപ്പേള
നെല്ലായി